(എ) ഈ സാമ്പത്തിക വർഷത്തിൽ ഫൈനാൻഷ്യൽ എൻറർപ്രൈസസിന്റെ എത്ര ശാഖകൾ തുറക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്;

(ബി) അതിൽ എത്ര ശാഖകൾ തുറന്നു;

(സി) ബാക്കിയുള്ളവ എന്നത്തേയ്ക്കു തുറക്കാമെന്ന് ആണ് പ്രതീക്ഷിക്കുന്നത്? കാലതാമസത്തിനു കാരണമെന്ത്;

(ഡി) എല്ലാ പ്രധാന പട്ടണങ്ങളിലും ശാഖകൾ തുറക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1978.79-ൽ കമ്പനിയുടെ 10 ശാഖകൾ പുതിയതായി തുറക്കുവാൻ തീരുമാനിച്ചിരുന്നു.

(ബി) അതിൽ ഏഴ് ശാഖകൾ തുറന്നു പ്രവർത്തനം ആരംഭിച്ചു.

(സി) ബാക്കി മൂന്നു ശാഖകൾ എത്രയും വേഗം തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ മൂന്നു ശാഖകളുടെ പ്രവർത്തനത്തിന് അതാതു സ്ഥലങ്ങളിൽ സൗകര്യപ്രദമായ കെട്ടിടങ്ങൾ കിട്ടുവാൻ നടപടികൾ എടുത്തു വരുന്നുണ്ട്. ടി കെട്ടിടങ്ങൾ കിട്ടുന്ന മുറയ്ക്ക് ശാഖകൾ തുറക്കുന്നതാണ്.

(ഡി) സംസ്ഥാനത്തിനകത്ത് കമ്പനിയുടെ പ്രവർത്തനം ലാഭകരമാകുമെന്നു ബോദ്ധ്യപ്പെടുന്ന പട്ടണങ്ങളിലെല്ലാം ശാഖകൾ ക്രമമായി തുറക്കുവാൻ ശ്രമിക്കുന്നതായിരിക്കും.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

II. ശ്രദ്ധ ക്ഷണിക്കൽ

പാർട്ടൈം കണ്ടിൻജൻസി ജീവനക്കാരുടെ നിരാഹാര സത്യാഗ്രഹ സമരത്തെ സംബന്ധിച്ച്

9.30 A.M.] ശ്രീ. എം. വി. രാഘവൻ: കേരളത്തിലെ ഏതാണ്ട് പന്തീരായിരത്തിലേറെ വരുന്ന പാർട്ടൈം കണ്ടിൻജൻസി ജീവനക്കാർ അവരുടെ സേവന വ്യവസ്ഥയും തുച്ഛമായ ഇന്നത്തെ ശമ്പളവും മാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന്റെ മുമ്പിൽ പല തവണ നിവേദനം നടത്തിയിട്ടും ഒരു പരിഹാരവും ഉണ്ടാകാത്തതിന്റെ ഫലമായി അവർ നിരാഹാര സത്യാഗ്രഹം ആരംഭിച്ചിരിക്കുകയാണ്. ഈ കഴിഞ്ഞ 24 -ാം തീയതി മുതൽ സെക്രട്ടേറിയറ്റ് നടയിൽ നിരാഹാര സത്യാഗ്രഹം നടത്തി വരികയാണ്. പാർട്ടൈം കണ്ടിൻജൻസി ജീവനക്കാരുടെ നില ആർക്കും ചിന്തിക്കാൻ വയ്യാത്ത വിധം ദുസ്സഹമാണ്. ഇരുപത് രൂപ മുതൽ 128 രൂപ വരെയാണ് അവർക്ക് ശമ്പളമെന്നും പറഞ്ഞ് കൊടുക്കുന്നത്. 20 രൂപ ശമ്പളമെന്ന് പറഞ്ഞാൽ, എന്താണ് സ്ഥിതിയെന്ന് മുഖ്യമന്ത്രിക്ക് അറിയുകയില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. പാർട്ടൈം ആണ് അതുകൊണ്ടാണ് ഇങ്ങനെ കൊടുക്കുന്നതെന്നാണ് പറയുന്നത്. അതുപോലെ തന്നെ 128 രൂപയാണ് കൊടുക്കുന്നത്. 128 രൂപ കൊടുക്കുന്നത് പാർട്ടൈം ആയതുകൊണ്ട് ആണെന്നാണ് പറയുന്നത്. എൽ. പി. സ്കൂളുകളിൽ കെയർ ഭക്ഷണം കൊടുക്കുന്നതിനു വേണ്ടി നിയമിച്ചവർക്ക് രാവിലെ മുതൽ വൈകിട്ടു വരെ ജോലി ചെയ്യണം. കുട്ടികൾക്ക് വെള്ളം കൊടുക്കണം,

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണം കൊടുക്കണം, പ്യൂണിന്റെ ജോലി ചെയ്യണം, അതുപോലെ പല ജോലികളും ചെയ്യണം, അവർക്ക് ഒൻപത് മണിക്കൂർ ജോലി ചെയ്യണം. അതുപോലെ തന്നെ വാച്ച്മാൻ പാർട്ട്ടൈം ആണ്. വൈകുന്നേരം അഞ്ചു മണിക്ക് വന്നാൽ ഒൻപതു മണിവരെ പ്രവൃത്തിയെടുക്കണം. ഇത്രയും സമയം പ്രവൃത്തിയെടുത്തിട്ട് അവർക്കു കിട്ടുന്നത് 120 രൂപയാണ്. മറ്റുള്ളവർക്ക് 128 രൂപയും അതുപോലെ 20 രൂപയും. പന്തീരായിരത്തിലേറെ വരുന്ന ജീവനക്കാരിൽ പകുതിയിലേറെ സ്ത്രീകളാണ്. അവരുടെ സ്ഥിതി ദുസ്സഹമാണ്. അവരെക്കൊണ്ട് ആഫീസ് ജോലി മാത്രമല്ല, ആഫീസർമാരുടെ വീട്ടുജോലിയും ചെയ്യിക്കുന്ന സ്ഥിതിയുണ്ട്. യാതൊരു ആനുകൂല്യവും ഇവർക്കില്ല. ഗ്രാറ്റുവിറ്റിയോ പെൻഷനോ ലീവ് ആനുകൂല്യമോ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുന്നതുപോലെ ഹൗസ് ലോണോ മറ്റ് യാതൊരു ആനുകൂല്യവും ഇവരെ സംബന്ധിച്ചിടത്തോളമില്ല. ഇരുപതും മുപ്പതും കൊല്ലം പ്രവൃത്തിയെടുത്തിട്ട് പിരിഞ്ഞു പോകണം. സ്ത്രീകളെ സംബന്ധിച്ചിടത്തോളം പ്രസവലീവ് ഉണ്ടെന്നാണ് വയ്പ്. ഗവൺമെന്റു ജീവനക്കാർക്കു പ്രസവിക്കാൻ മൂന്നുമാസത്തെ ശമ്പളത്തോടുകൂടിയുള്ള ലീവ് കൊടുക്കുന്നുണ്ട്. ഇവർക്ക് പ്രസവിക്കാൻ രണ്ടു മാസമേ കൊടുക്കുകയുള്ളുവെന്നാണ് പറയുന്നത്. പാർട്ട്ടൈം ആയതുകൊണ്ട് രണ്ടു മാസമാണ് ലീവ് കൊടുക്കുന്നത്. രണ്ടു മാസത്തിൽ ഒരു മാസത്തെ വേതനമാണ് കൊടുക്കുന്നത്. സ്ത്രീ ജീവനക്കാർ അനുഭവിക്കുന്ന ദുരിതം ചില്ലറയല്ല. ഈ ദുരിതങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണു ഗവൺമെന്റിന്റെ മുമ്പിൽ പല നിർദ്ദേശങ്ങളും വച്ചത്. ആ നിർദ്ദേശത്തെ സംബന്ധിച്ച് ഒന്നുംതന്നെ ഗവൺമെന്റ് ഇതുവരെ പരിഗണിച്ചിട്ടില്ല. ഗവൺമെന്റു ജീവനക്കാർക്ക് ശമ്പളപരിഷ്കാരം വന്നു. തുച്ഛമായ രൂപയാണ് കൊടുത്തത്. പാർട്ട്ടൈംകാരെ പ്രമോട്ട് ചെയ്യുക എന്നുള്ളതാണ് ഇവരുടെ നിർദ്ദേശത്തിൽ പ്രധാനമായിട്ടുള്ളത്. കൊല്ലങ്ങളായി നമ്മുടെ സർവ്വീസിൽ ചില ഉത്തരവുകൾ നിലവിലുണ്ടെങ്കിലും ആഫീസർമാർ അത് അംഗീകരിക്കുന്നില്ല. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സെലക്ഷൻ പി. എസ്. സി.-യെക്കൊണ്ട് നടത്തുന്നതിനു പകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് പേര് വിളിക്കുകയും മറ്റും ചെയ്തുകൊണ്ട് അവർക്കുള്ള ആനുകൂല്യം ഇല്ലാതാക്കുകയാണ്. ഇവരിൽനിന്ന് ഒരു നിശ്ചിത ശതമാനത്തെ ലാസ്റ്റ് ഗ്രേഡിലേക്ക് എടുക്കുന്നതിനുവേണ്ട സ്ഥിരമായ ക്വർപ്പാട് ഉണ്ടാക്കുകയും ഇവരെ പ്രമോട്ട് ചെയ്യുകയും വേണം. പാർട്ട്ടൈം വാച്ച്മാൻ ഉണ്ട്. ഒൻപതും പത്തും മണിക്കൂർ ജോലി ചെയ്യേണ്ടി വരുന്നുണ്ട്. അവരുടെ ശമ്പളം പരിഷ്കരിക്കണം. 20 രൂപ ശമ്പളമെന്ന് പറയുന്ന ക്വർപ്പാട് ആധുനിക യുഗത്തിൽ എങ്ങനെ നടക്കുമെന്ന് ഗവൺമെന്റ് ആലോചിക്കണം. വളരെ പെറിയ ജോലിയേയുള്ളുവെന്ന് പറയുന്നു. സ്വീപ്പർ ജോലിയ്ക്ക് 20 രൂപ നിശ്ചയിച്ചത് ചുരുങ്ങിയ സ്ഥലമേ അടിച്ചുവാരാനുള്ളു എന്നുള്ളതുകൊണ്ടാണെന്ന് പറയുന്നു. എന്താണ് അവരുടെ സ്ഥിതി? നാലും അഞ്ചും മണിക്കൂർ പ്രവൃത്തി എടുക്കേണ്ടിവരുന്നു. പാർട്ട്ടൈം ജീവനക്കാരെ ഫുൾടൈം ആക്കുന്നതിനും പാർട്ട്ടൈം എന്നു പറഞ്ഞ് ഫുൾടൈം ആയി പ്രവൃത്തി എടുക്കുന്നവർക്ക് ഫുൾടൈം ശമ്പളം കൊടുക്കുന്നതിനുമുള്ള നടപടി എടുക്കണം. 20 രൂപ എന്നുള്ള വ്യവസ്ഥ അവസാനിപ്പിക്കണം. ഇവരെ പ്രമോട്ട് ചെയ്ത് ലാസ്റ്റ് ഗ്രേഡിലേയ്ക്ക് വരുത്തുന്നതിനുള്ള നടപടി എടുക്കണം. സ്ത്രീകൾക്ക് പ്രസവാനുകൂല്യം നൽകണം. പ്രസവം എല്ലാവർക്കും ഒരുപോലെയാണ്. പാർട്ട്ടൈം പ്രസവം എന്നും ഫുൾടൈം പ്രസവം

LIBRARY ARCHIVES Kerala Legislative Assembly

എന്നും ഇല്ലെന്ന് മുഖ്യമന്ത്രിക്ക് അറിയാമല്ലോ? അതുകൊണ്ട് ആ കാര്യത്തിലെങ്കിലും നടപടി സ്വീകരിക്കണം. പാർട്ടൈം പ്രസവം പിന്നെ ഫുൾടൈം പ്രസവം. ഇത് എത്ര ഭാരുണമാണ് കേരളത്തെപോലെയുള്ള പുരോഗമന ജനാധിപത്യ രാജ്യത്ത്? ആര്യാടൻ മുഹമ്മദിന്റെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം. മുഖ്യമന്ത്രി തന്നെ കമ്മ്യൂണിസ്റ്റല്ലേ? മുഖ്യമന്ത്രി അതേപ്പറ്റി കാര്യമായി ആലോചിക്കണം. പാർട്ടൈം പ്രസവവും അതുപോലുള്ള കാര്യങ്ങളും അവസാനിപ്പിക്കണം. സർവ്വീസ് ബുക്ക് ഓപ്പൺ ചെയ്യുന്നില്ലെന്നാണ് പറയുന്നത്. സർവ്വീസ് ബുക്കില്ലാതെ സീനിയോറിറ്റി കണക്കാക്കുന്നത് എങ്ങനെയാണ്? സർവ്വീസ് ബുക്ക് വേണം. അതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി നിശ്ചയിച്ച് ഇവരെ ലാസ്റ്റ് ഗ്രേഡിലേക്ക് എടുക്കാൻ വേണ്ട ഏർപ്പാട് ചെയ്യണം. ഈ കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കണം. ലീവ് ആനുകൂല്യവും മറ്റും കൊടുക്കണം. അതുപോലെതന്നെ ഗ്രാറ്റുവിറ്റി, പെൻഷൻ തുടങ്ങിയ കാര്യങ്ങളും അവർക്കും കൊടുക്കുന്നതിനുള്ള ഏർപ്പാട് ചെയ്യണം. കഴിഞ്ഞ 24-ാം തീയതി മുതൽ ഈ ആവശ്യത്തിനുവേണ്ടി നിരാഹാരസത്യാഗ്രഹം നടത്തിവരികയാണ്. പാർട്ടൈം ജീവനക്കാരെ ഇഞ്ചിഞ്ചായി കൊല്ലുന്ന ഏർപ്പാട് ഉണ്ടാക്കരുത്. ഈ കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായ ശ്രദ്ധ ചെലുത്തണം. പന്ത്രണ്ടു ദിവസമായി അവർ നിരാഹാര സത്യാഗ്രഹം തുടങ്ങിയിട്ട്. പന്തീരായിരത്തിൽപ്പരം ജീവനക്കാരുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): പാർട്ടൈം കണ്ടിൻജൻസി ജീവനക്കാർ 13 ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആദ്യം ഈ മെമ്മോറാണ്ടം കിട്ടിയതിനെത്തുടർന്ന് അതെല്ലാം പരിശോധിക്കുകയും അവർക്ക് അതു സംബന്ധിച്ച ഒരു മറുപടി നൽകുകയും ചെയ്തിരുന്നു. എന്നാൽ വീണ്ടും അവർ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടു പുതിയ ഒരു പ്രക്ഷോഭണ പരിപാടി ആരംഭിക്കുകയും ചില ആളുകൾ നിരാഹാര സത്യാഗ്രഹം നടത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. 25.2.1979-ൽ പഴയ ആവശ്യങ്ങളെല്ലാം വീണ്ടും ഉന്നയിച്ചുകൊണ്ട് ഗവൺമെന്റിന് ഒരു നിവേദനം നൽകിയിട്ടുണ്ട്. ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചു. നിർഭാഗ്യവശാൽ പാർട്ടൈം കണ്ടിൻജൻസി ജീവനക്കാർ ഉന്നയിക്കുന്ന ആവശ്യങ്ങൾ ഗവൺമെന്റിന് അനുവദിക്കാൻ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാരണം ഇവർ ഗവൺമെന്റ് ജീവനക്കാരെപ്പോലെ പല ആവശ്യങ്ങളും ഉന്നയിക്കുമ്പോൾ മറന്നു പോകുന്ന വസ്തുത കുറച്ചു സമയം മാത്രം പണിയെടുക്കുന്ന പാർട്ടൈം ജീവനക്കാരാണെന്നുള്ള വസ്തുത തന്നെയാണ്. സ്വാഭാവികമായും അവർക്ക് ഗവൺമെന്റ് ജീവനക്കാർക്ക് കൊടുക്കുന്ന സൗകര്യങ്ങൾ ചെയ്തു കൊടുക്കാൻ കഴിയുകയില്ല. അത്രയും വലിയ ബാദ്ധ്യത ഏറ്റെടുക്കാൻ ഒരു ഗവൺമെന്റിനും സാധിക്കുമെന്ന് കരുതുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത് അഞ്ചോ പത്തോ ആളുകളുടെ പ്രശ്നമല്ല പന്തീരായിരത്തിൽപ്പരം വരുന്ന ആളുകളുടെ പ്രശ്നമാണ്. മാനുഷിക പ്രശ്നമാണ്. ഇത് വലിയ പ്രശ്നമാണ്. അതെല്ലാം മനസ്സിലാക്കുന്നു. ആ വസ്തുത പരിഗണിക്കുമ്പോൾ എന്ത് തീരുമാനമെടുത്താലും വലിയ

LIBRARY ARCHIVES Kerala Legislative Assembly

ബാദ്ധ്യതയുള്ള പ്രശ്നമാണ്. ചെറിയ വിഭാഗത്തിന്റെ പ്രശ്നമല്ല. പന്തീരായിരം ആളുകൾക്കുവേണ്ടി എന്തെങ്കിലുമൊരു തീരുമാനമെടുത്താലുള്ള സാമ്പത്തിക ബാദ്ധ്യത വളരെക്കൂടുതലാണ്.

അങ്ങനെയുള്ള ബാദ്ധ്യത ഏറെടുക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽപ്പോലും പേ കമ്മീഷന്റെ ശുപാർശകളെത്തുടർന്ന് അവർക്ക് കാര്യമായ ചില ആനുകൂല്യങ്ങൾ ചെയ്തു കൊടുത്ത വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കും അറിയുമായിരിക്കും. ഇല്ലെങ്കിൽ അദ്ദേഹത്തെയും സഭയേയും അറിയിക്കുകയാണ്. പേ കമ്മീഷൻ റിപ്പോർട്ടിനെത്തുടർന്ന് 65 രൂപ ഉണ്ടായിരുന്നവർക്ക് 100 രൂപയും, 70 രൂപ ഉണ്ടായിരുന്നവർക്ക് 105 രൂപയും, 75 രൂപ ഉണ്ടായിരുന്നവർക്ക് 110 രൂപയും അവർക്കെല്ലാവർക്കും 18 രൂപ ഡി. എ. യും നൽകാനുള്ള തീരുമാനമുണ്ടായി. ഇതാണ് വസ്തുത. അങ്ങനെ ഒരു വർദ്ധനവ് ഇത്രയും ആളുകൾക്ക് നൽകിയത് നമ്മുടെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ ഗവൺമെന്റിനെ സംബന്ധിച്ചും എല്ലാവരെ സംബന്ധിച്ചും തീർച്ചയായും ഒരു നല്ല പരിഗണന ഉണ്ടായിട്ടുണ്ടെന്നു വിശ്വസിക്കുകയാണ്. മറ്റു ചില പ്രശ്നങ്ങൾ, ശ്രീ. എം. വി. രാഘവൻ ഇവിടെ പറഞ്ഞതുപോലുള്ള കാര്യങ്ങൾ അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ടെന്നു തോന്നുന്നു. ഇതെല്ലാം പരിശോധിച്ചു നോക്കി. അവർക്ക് എന്തെങ്കിലും ചെയ്തുകൊടുക്കണമെന്നുള്ള കാര്യം പരിശോധിച്ചു നോക്കി. ഉദാഹരണത്തിന് സീനിയോറിറ്റി ലിസ്റ്റു തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ക്ലാസ് 4 ലേക്ക് ഇവരിൽ നിന്നു എടുക്കണമെന്നുള്ളത് പരിശോധിച്ചു നോക്കി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, അങ്ങനെ ഒരു നിശ്ചിത ശതമാനത്തെയെങ്കിലും എടുക്കണമെന്ന്. ഇപ്പോഴത്തന്നെ ചില പോസ്റ്റുകൾ ഇവർക്കുവേണ്ടി റിസർവ്വ് ചെയ്തിട്ടുണ്ട്. എന്നാൽ അതിനു പുറമേ ക്ലാസ് 4.ലേക്ക് ഒരു ശതമാനം പോലും റിസർവ്വ് ചെയ്യണമെന്നു പറയുമ്പോൾ നാം ഇന്നു അംഗീകരിക്കുന്ന ഡയറക്റ്റ് റിക്രൂട്ട്മെന്റ്, പി. എസ്. സി. യിൽ കൂടി കമ്മ്യൂണൽ റൊട്ടേഷൻ സ്വീകരിച്ചുകൊണ്ട് നടത്തുന്ന നയത്തിൽനിന്നു കാര്യമായി വ്യതിചലിക്കേണ്ടി വരും. നമ്മുടെ നാട്ടിൽ പലപിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും പ്രത്യേകിച്ച് ഹരിജനങ്ങൾക്കും വല്ല ജോലിയും കിട്ടുന്നത് ക്ലാസ് ഫോറിലാണ്, അതു നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അങ്ങനെയൊരു രംഗത്തിലേക്ക് നാം ഇപ്പോൾ കടന്നു കയറി അതിനു മാറ്റം വരുത്തണമോ എന്നുള്ളത് ആലോചിച്ചു നോക്കി. അതു ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇവരുടെ കൂട്ടത്തിൽ പിന്നോക്കക്കാരും ഹരിജനങ്ങളും ഉണ്ടാകും. ഗവൺമെന്റിന്റെ അംഗീകൃത നയം, സഭ ശരിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യം ഇതിൽ നിന്നു വ്യതിചലിക്കരുതെന്നുള്ളതാണ്. അവരുടെ മറ്റു 13 കാര്യങ്ങളുണ്ട്. അതു വളരെ അനുഭാവപൂർവ്വം ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാണ്. ഏതെങ്കിലും കാര്യത്തിൽ പുതുതായി ആനുകൂല്യം ചെയ്യാൻ കഴിയുമോ എന്നതെല്ലാം പരിശോധിക്കാൻ തയ്യാറാണ്. പ്രസവകാല വേതനം ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ മറ്റുള്ളവർക്ക് കൊടുക്കുന്നത് ഇവർക്ക് കൊടുക്കാൻ കഴിയുകയില്ല. കാരണം ഇവർ പാർട്ടൈം ജീവനക്കാരാണെന്നുള്ളതാണ്. പാർട്ടൈം കണ്ടിൻജൻസി ജീവനക്കാരെന്നു പറയുമ്പോൾ ഫുൾടൈം ഗവൺമെന്റ് ജീവനക്കാർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ, പ്രസവത്തിനും ജനനത്തിനും മരണത്തിനും ഒന്നും കൊടുക്കാൻ പറ്റുകയില്ല. അതാണ് ഈ വ്യത്യാസം. ഈ വ്യത്യാസം പാർട്ടൈം ആയിരിക്കുന്നിടത്തോളംകാലം നിലനിൽക്കും. ഇപ്പോഴുള്ളതിൽ നിന്നു കൂടെ

LIBRARY ARCHIVES Kerala Legislative Assembly

ക്കൂടി വർദ്ധിപ്പിക്കാൻ കഴിയുമോ എന്നുള്ള കാര്യത്തെപ്പറ്റി ആലോചിച്ചപ്പോഴാ പ്രധാനപ്പെട്ട കാര്യങ്ങളിൽ ബുദ്ധിമുട്ടുണ്ട്. ഇപ്പോഴാ ശമ്പള പരിഷ്കരണം നടത്തിയതേയുള്ളു. ഇപ്പോഴാ അവർ സ്കൂളുകളിൽ പോയി അടിച്ചു വാരാൻ പറഞ്ഞാൽ വൈകുന്നേരം വരെ നിന്നു ജോലി ചെയ്യുന്നുണ്ടോ എന്ന് അറിയുകയില്ല. കെയറിന്റെ ആഹാരം വിളമ്പുന്നുണ്ടോ എന്നു ചോദിച്ചാൽ അതൊക്കെ നടക്കും, അതു നാട്ടു നടപ്പാണ്. അതിനൊക്കെ പേ ചെയ്യണമെന്നു പറഞ്ഞാൽ ബുദ്ധിമുട്ടുള്ള കാര്യമാണ്. പാർട്ടൈം എന്നു പറഞ്ഞാൽ അതിനു പറയുന്ന മണിക്കൂർ ജോലി ചെയ്താൽ മതി. ബാക്കി സമയം വേറെപോയി ജോലി ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട് ഈ സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നത്, അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് തീർച്ചയായും ആലോചിക്കാമെന്നാണ്. അതേപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പ്രതിനിധികളുമായി അതേപ്പറ്റി സംസാരിക്കാൻ തയ്യാറാണ്. അതുകൊണ്ട് അവർ ഇപ്പോഴാ ആരംഭിച്ചിട്ടുള്ള സമരത്തിൽനിന്നു പിൻതിരിയണം. പരമാവധി അവർക്ക് ചെയ്യാൻ കഴിയുന്ന എല്ലാ ആനുകൂല്യങ്ങളും ഗവൺമെന്റ് ചെയ്തുകൊണ്ടിരുന്നു. ഇപ്പോഴാ ചെയ്യാൻ തയ്യാറാണ്. അവരുടെ മാനുഷികമായ പ്രശ്നങ്ങളിൽ ഗവൺമെന്റിനു ഇപ്പോഴും അനുഭാവമുണ്ടെന്നു ഞാൻ പറയുകയാണ്.

ശ്രീ. എം. വി. രാഘവൻ: പാർട്ടൈമാണെങ്കിലും അവർ ഫുൾടൈം ജോലി ചെയ്യുന്നുണ്ട്. വൈകുന്നേരം പോയാൽ പിറേന്നു രാവിലെ തിരിച്ചു പോകാൻ കഴിയുകയുള്ളു. അവർ എൽ. പി. സ്കൂളുകളിൽ ഫുൾടൈം ജോലിയാണ് ചെയ്യുന്നത്. പ്രസവകാലാനുകൂല്യം മറ്റുള്ളവർക്ക് മൂന്നു മാസം കൊടുക്കുമ്പോഴാ പാർട്ടൈമായതുകൊണ്ട് ഇവർക്ക് ഒന്നരമാസം കൊടുത്തു കൂടേ?

III. റിപ്പോർട്ടു സമർപ്പണം

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 18-ാ മതു റിപ്പോർട്ട്

ശ്രീ എം. കെ. കൃഷ്ണൻ: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 18-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

[Mr. Deputy Speaker in the Chair]

IV. നിയമനിർമ്മാണകാര്യം

1978-ലെ കേരള ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻ ബിൽ

പരിഗണനക്കെടുക്കൽ ചർച്ച (തുടർച്ച)

ഫസ്റ്റ് ഷെഡ്യൂൾ

മി. ഡെപ്യൂട്ടി സ്പീക്കർ: സെലക്റ്റു കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ജില്ലാ ഭരണ ബില്ലിന്റെ ഒന്നാം ഷെഡ്യൂളിലെ എൻട്രി നമ്പർ ഒന്നിനു ശ്രീ. പി. പി. എസ്തോസിനു ഭേദഗതി അവതരിപ്പിച്ചു സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly